പതിമൂന്നാം കേരള നിയമസഭ
ഏട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2294 — 1.4.2013-ലെ മറുപടിക്ക്

## മാനസിക സംഘർഷത്താൽ ഉഴലുന്നവർക്ക് ദിശാബോധം നൽകുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. പി. മുഹമ്മദ്<br>,, ബെന്നി ബെഹനാൻ<br>,, എം.എ വാഹിദ്<br>,, പി. സി. വിഷ്ണുനാഥ് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ മാനസിക സംഘർഷത്താൽ ഉഴലുന്ന വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ദിശാബോധം നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ : വിശദമാക്കുമോ; | എ) ജില്ലാ മാനസികാരോഗ്യ പരിപാടി (DMHP) യുടെ ഭാഗമായി വിദ്യാർത്ഥികൾക്കും സമൂഹത്തിലെ എല്ലാ തട്ടിലുള്ള ആൾക്കാർക്കും വേണ്ടി ഇതിലേക്കായുള്ള പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.<br>തിരുവനന്തപുരം ജില്ലയിൽ ഇതിന്റെ ഭാഗമായി സ്കൂൾ മെന്റൽ ഹെൽത്ത് പ്രോഗ്രാം 'തളിര്' എന്ന പേരിൽ കഴിഞ്ഞ അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കി വരുന്നു. ആദ്യഘട്ടത്തിൽ ജില്ലയിൽ 64 സ്കൂൾ കൗൺസിലർമാർക്കും 48 സ്കൂൾ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാർക്കും പരിശീലനം നൽകുകയുണ്ടായി. സ്കൂൾ വിദ്യാർത്ഥികളെ മാനസികാരോഗ്യ പരിപാടിയുമായി ബന്ധിപ്പിക്കുന്ന കണ്ണിയായി ഇവർ പ്രവർത്തിക്കുന്നു. സ്ട്രെസ് മാനേജ്മെന്റ്, ലഹരി വിരുദ്ധ ബോധവൽക്കരണം, ആത്മഹത്യാ പ്രതിരോധം, കുട്ടികളിലെ വൈകാരിക പെരുമാറ്റ പ്രശ്നങ്ങൾ, ജീവിത നൈപുണ്യങ്ങൾ എന്നീ അഞ്ചു വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നു. ആവശ്യമുള്ള കുട്ടികൾക്ക് അതാതു സ്കൂളിൽ കൗൺസിലിംഗ് ക്യാംപ് സംഘടിപ്പിക്കുന്നു. |

| | | | |
|---|---|---|---|
| ബി) | പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | ബി) | മാനസികാരോഗ്യത്തിന് പ്രാധാന്യം കൊടുക്കുക. മനോരോഗികളോട് സമൂഹം വച്ചു പുലർത്തുന്ന വിവേചന മനസ്ഥിതി ഇല്ലാതാക്കുക. മറ്റേതു ശാരീരിക രോഗത്തേയും പോലെ മാനസികരോഗവും ചികിൽസിച്ചു ഭേദമാക്കാം എന്ന അറിവ് ഉണ്ടാക്കിയെടുക്കുക. സാധാരണ ഉണ്ടാകുന്ന മാനസികാരോഗ്യ പ്രശ്നങ്ങൾ തുടക്കത്തിലേ മനസിലാക്കുന്നതിനും ലഭ്യമായ ചികിൽസ നൽകുന്നതിനും മാനസികാരോഗ്യ പ്രശ്നമുള്ളവരുടെ ബന്ധുക്കളെയും സുഹൃത്തുക്കളെയും പ്രാപ്തരാക്കുക എന്നിവയാണ് ഈ പരിപാടിയുടെ ലക്ഷ്യങ്ങൾ. |
| സി) | എതെല്ലാം എജൻസികളാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്; | ഡി) | അഡോളസെന്റ് റിപ്രൊഡക്ടീവ് ആന്റ് സെക്ഷ്വൽ ഹെൽത്ത്, സ്കൂൾ ഹെൽത്ത് പ്രോഗ്രാം, ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സ്കീം. ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾ. വിദ്യാഭ്യാസ വകുപ്പ്, സന്നദ്ധ സംഘടനകൾ തുടങ്ങിയവ |
| ഡി) | എവിടെയെല്ലാമാണ് പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ? | ഇ) | തിരുവനന്തപുരം, തൃശ്ശൂർ, ഇടുക്കി, വയനാട്, കണ്ണൂർ, കാസർഗോഡ്, മലപ്പുറം, കോഴിക്കോട്,പത്തനംതിട്ട എറണാകുളം എന്നീ ജില്ലകളിൽ ജില്ലാ മാനസിക ആരോഗ്യ പരിപാടിയും സാമൂഹിക മാനസികാരോഗ്യ പരിപാടിയും നടപ്പിലാക്കിയിട്ടുള്ളത്. മറ്റു ജില്ലകളിൽ സ്കൂൾ മെന്റൽ ഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കാനുള്ള ശ്രമത്തിലാണ്. |

സെക്ഷൻ ഓഫീസർ